"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

പൊതുമരാമത്തുവകുപ്പ് - 2023, 2024, 2025, 2026 വർഷങ്ങളിൽ കാലാവധി കഴിഞ്ഞ കോൺട്രാക്ടർ ലൈസൻസുകൾ പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

പൊതുമരാമത്ത് (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.1298/2026/PWD തീയതി,തിരുവനന്തപുരം, 06-11-2026

പരാമർശം:-
1. ജി.ഒ(എം.എസ്) നമ്പർ. 32/2021/പി.ഡബ്ല്യു.ഡി തീയതി 20.06.2021.
2. ജി.ഒ(എം.എസ്) നമ്പർ. 35/2021/പി.ഡബ്ല്യു.ഡി തീയതി 28.07.2021.
3. ജി.ഒ(ആർ.റ്റി) നമ്പർ. 433/2024/പി.ഡബ്ല്യു.ഡി തീയതി 02.04.2024.
4. ജി.ഒ(ആർ.റ്റി) നമ്പർ. 864/2025/പി.ഡബ്ല്യു.ഡി തീയതി 16.06.2025.
   പൊതുമരാമത്തുവകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ 04.03.2026
5. ലെ സി.ഇ.പി.ഡബ്ല്യു.ഡി/3286/2021-എ.ഇ(പി.എൽ)-ബി.എൽ-പാർട്ട് (2) നമ്പർ കത്ത്.

ഉത്തരവ്

2023, 2024, 2025, 2026 എന്നീ വർഷങ്ങളിൽ കാലാവധി അവസാനിച്ചിട്ടും വിവിധ കാരണങ്ങളാൽ നിശ്ചിത സമയപരിധിക്കുള്ളിൽ പുതുക്കാൻ സാധിക്കാതിരുന്ന കോൺട്രാക്ടർ ലൈസൻസുകൾ പുതുക്കുന്നതിനായി നിരവധി അപേക്ഷകൾ രജിസ്ട്രിംഗ് അധികാരികൾക്കും സർക്കാരിനും ലഭിച്ചിട്ടുണ്ട്.2026 മാർച്ച് 31-ന് കാലാവധി അവസാനിച്ചതും നിശ്ചിത സമയത്തിനുള്ളിൽ പുതുക്കാത്തതുമായ കോൺട്രാക്ടർ ലൈസൻസുകൾ പിഴയോടുകൂടി പുതുക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി 31.03.2026 ആയിരുന്നു.

2. 2023, 2024, 2025 വർഷങ്ങളിൽ കോൺട്രാക്ടർ ലൈസൻസിന്റെ കാലാവധി കഴിയുകയും സമയബന്ധിതമായി പുതുക്കുവാൻ സധിക്കാതിരുന്നതുമായ കരാറുകാർക്ക് ആയത് പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധിയിൽ സർക്കാർ ഇളവുകൾ നൽകിയിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത ഇളവുകൾ ഉപയോഗിക്കാനാകാത്ത കരാറുകാരുടെ അപേക്ഷകൾ ലഭ്യമാകുന്നുണ്ടെന്നും ആയതിനാൽ പ്രസ്തുത കോൺട്രാക്ടർമാർക്കുകൂടി ഇളവ് നൽകണമെന്നും പരാമർശം (5) പ്രകാരം പൊതുമരാമത്തുവകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

3. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 1910.5 പ്രകാരം

സമയബന്ധിതമായി കോൺട്രാക്ടർ ലൈസൻസുകൾ പുതുക്കാത്ത കരാറുകാർക്ക് അടുത്ത വർഷം പുതിയ കരാറുകാരനായി മാത്രമേ രജിസ്റ്റർ ചെയ്യാനാകൂ. സർക്കാർ ഇക്കാര്യം വിശദമായിപരിശോധിച്ചു. പ്രസ്തുത ലൈസൻസുകൾ പുതുക്കുന്നതിന് അപേക്ഷ സമർക്കുന്നതിനുള്ള തീയതിയിൽ ചുവടെ ചേർക്കും പ്രകാരം ഇളവുനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) 2026 മാർച്ച് 31ന് കാലാവധി അവസാനിച്ചതും പുതുക്കാത്തതുമായ കോൺട്രാക്ടർ ലൈസൻസുകൾ പരാമർശം (4) ഉത്തരവിന് സമാനമായി പുതുക്കി നൽകാവുന്നതാണ്.

(ii) 2023 മാർച്ച് 31 മുതൽ 2025 മാർച്ച് 31 വരെ കാലാവധി അവസാനിച്ചതും പുതുക്കാത്തതുമായ ലൈസൻസുകൾക്ക് വൺ ടൈം സെറ്റിൽമെൻറ് വ്യവസ്ഥയിൽ താഴെ പറയുന്ന രീതിയിൽ പുതുക്കി നൽകുന്നതിന് ഈ ഉത്തരവ് തീയതി മുതൽ 6 മാസം വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

കാലാവധി	**വൺ ടൈം സെറ്റിൽമെൻറ് വ്യവസ്ഥ**
(a)2025 മാർച്ച് 31ന് കാലാവധി അവസാനിച്ചതും പുതുക്കാത്തതുമായ ലൈസൻസുകൾ	പരാമർശം (3) ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള പിഴത്തുകയുടെ പത്തിരട്ടി (10-ഇരട്ടി) പിഴത്തുക.
(b)2024 മാർച്ച് 31ന് കാലാവധി അവസാനിച്ചതും പുതുക്കാത്തതുമായ ലൈസൻസുകൾ.	പരാമർശം (3) ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള പിഴത്തുകയുടെ ഇരുപതിരട്ടി (20-ഇരട്ടി) പിഴത്തുക.
(c) 2023 മാർച്ച് 31ന് കാലാവധി അവസാനിച്ചതും പുതുക്കാത്തതുമായ ലൈസൻസുകൾ	പരാമർശം (3) ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള പിഴത്തുകയുടെ മുപ്പതിരട്ടി (30-ഇരട്ടി) പിഴത്തുക.

4. കോൺട്രാക്ടർ ലൈസൻസ് പുതുക്കുന്നതിനാവശ്യമായ മറ്റുവ്യവസ്ഥകളിൽ ഇളവ് നൽകുവാൻ പാടില്ലാത്തതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പൊതുമരാമത്തുവകുപ്പിലെ എല്ലാ ചീഫ് എഞ്ചിനീയർമാർക്കും.
പൊതുമരാമത്തുവകുപ്പിലെ എല്ലാ രജിസ്റ്ററിങ്ങ് അധികാരികൾക്കും (ബന്ധപ്പെട്ട ചീഫ്എഞ്ചിനീയർമാർ മുഖേന)
എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇ- ഗവേർണൻസ്), പൊതുമരാമത്തുവകുപ്പ് (ഭരണ വിഭാഗം)
ചീഫ്എഞ്ചിനീയറുടെ കാര്യാലയം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യവകുപ്പ് (3176777 /I&PW-B2/178/2025-FIN തീയതി 29-10-2026)
ജലവിഭവവകുപ്പ്.
തദ്ദേശസ്വയംഭരണവകുപ്പ്
ഐ&പി.ആർ.(ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (2550407 / PWD-H3/140/2023-PWD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്
പൊതുമരാമത്തുവകുപ്പ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്